"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - പന്തളം നഗരസഭയിൽ താൽക്കാലിക ഡ്രൈവർമാരായി ജോലി ചെയ്ത് വരുന്ന ശ്രീ. പി. ഡി. സഞ്ജീവ്കുമാർ, ശ്രീ അശോകൻ. എം . കെ എന്നിവരെ സ്ഥിരപ്പെടുത്തണമെന്ന ആവശ്യം നിരസിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശസ്വയംഭരണ (ഇപിഎ)വകുപ്പ്**

സ.ഉ.(സാധാ) നം.1401/2021/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 27/07/2021

പരാമർശം:-
1. ബഹു. കേരള ഹൈക്കോടതിയുടെ 13.01.2021 ലെ WP(C) 877/2021നമ്പർ വിധിന്യായം.
2. ശ്രീ. പി. ഡി. സഞ്ജീവ്കുമാർ സമർപ്പിച്ച 12.02.2021 തീയതിയിലെ നിവേദനം.
3. സ.ഉ (എം.എസ്) നം. 155/2020/തസ്വഭവ തീയതി 15.10.2020
4. പഞ്ചായത്ത് ഡയറക്ടറുടെ 28.04.2021 ലെ PAN /5441/2021-E14(DP) നം. കത്ത്

**ഉത്തരവ്**

പന്തളം നഗരസഭയിൽ താൽക്കാലിക ഡ്രൈവറായി ജോലി ചെയ്ത് വരുന്ന ശ്രീ. പി. ഡി. സഞ്ജീവ്കുമാർ പരാമർശം (2) പ്രകാരം സമർപ്പിച്ച നിവേദനത്തിൽ പരാമർശം (1) ലെ ബഹു. കേരള ഹൈക്കോടതിയുടെ വിധിന്യായം ഉള്ളടക്കം ചെയ്യുകയും ടി വിധിന്യായ പ്രകാരം ടിയാന് സ്ഥിരനിയമനം നൽകി സർക്കാർ ഉത്തരവുണ്ടാകണമെന്നും അപേക്ഷിച്ചു. പന്തളം നഗരസഭയിൽ താൽക്കാലിക ഡ്രൈവർമാരായി സേവനമനുഷ്ഠിക്കുന്ന ശ്രീ. പി. ഡി. സഞ്ജീവ്കുമാർ, ശ്രീ. എം. കെ. അശോകൻ എന്നിവർ ഫയൽ ചെയ്തിരുന്ന WP(C) 877/2021 നമ്പർ ഹർജിയിൽ പരാമർശം (1) പ്രകാരം ബഹു. കേരള ഹൈക്കോടതി പുറപ്പെടുവിച്ച വിധിന്യായത്തിൽ താഴെ പറയും പ്രകാരം നിർദ്ദേശിച്ചിരുന്നു.

" ........... In that view of the matter, there will be a direction to the 1st respondent to consider Exts.P4 and P5 representations preferred by the petitioners, taking note of Ext.P6 as well. Appropriate orders shall be passed on Ext.P4 and P5, after hearing the petitioner as well as respondents 3 and 4, through any appropriate means including video conferencing, within a period of two months from the date of receipt of a copy of this judgment.This writ petition is ordered accordingly. "

2. ഹർജിക്കാർ സർക്കാരിൽ സമർപ്പിച്ചിരുന്ന 19.10.2020 തീയതിയിലെ നിവേദനങ്ങളാണ് Exts.P4, P5 എന്നിവ. പരാമർശം (3) ലെ സർക്കാർ ഉത്തരവ് പ്രകാരം സ്ഥിരപ്പെടുത്തിയ ജീവനക്കാരെപോലെ ഹർജിക്കാരും 30.06.2015 ൽ പത്ത് വർഷത്തിലധികമായി സേവനമനുഷ്ഠിക്കുന്നതിനാൽ ടിയാൾക്കാരേയും സ്ഥിരപ്പെടുത്തണമെന്ന് പ്രസ്തുത നിവേദനങ്ങളിൽ അഭ്യർത്ഥിച്ചിരുന്നു. പന്തളം നഗരസഭയുടെ 2.11.2020 തീയതിയിലെ തീരുമാനമാണ് Ext.P6. പ്രസ്തുത തീരുമാനത്തിൽ പന്തളം നഗരസഭയിൽ ദിവസവേതനാടിസ്ഥാനത്തിൽ ഡ്രൈവർ തസ്തികയിൽ 30.07.1990 മുതൽ

സേവനമനുഷ്ഠിക്കുന്ന ശ്രീ. പി. ഡി. സഞ്ജീവ്കുമാർ 27.11.1993 മുതൽ സേവനമനുഷ്ഠിക്കുന്ന ശ്രീ. അശോകൻ. എം. കെ എന്നിവരെ സ്ഥിരപ്പെടുത്തുന്നതിന് സർക്കാരിലേക്ക് ശുപാർശ ചെയ്തിരിക്കുന്നു.

3. ബഹു. കേരള ഹൈക്കോടതിയുടെ ഉത്തരവിൻ പ്രകാരം പരാതിക്കാരേയും 3,4 കക്ഷികളുടെ പ്രതിനിധികളേയും കേട്ടു. കേരളത്തിലെ വിവിധ ഗ്രാമപഞ്ചായത്തുകളിൽ 30.06.2015ൽ 10 വർഷം സേവനം പൂർത്തിയാക്കിയ 51 ദിവസവേതന താത്ക്കാലിക ഡ്രൈവർമാരെ സൂപ്പർന്യൂമററി തസ്തിക സൃഷ്ടിച്ച് സ്ഥിരപ്പെടുത്തി പരാമർ ശം (3) പ്രകാരം ഉത്തരവായിരുന്നതായും പന്തളം നഗരസഭയിലെ ഡ്രൈവർമാരായ ശ്രീ. അശോകൻ എം.കെ., ശ്രീ സഞ്ജീവ് കുമാർ പി. ഡി. എന്നിവർ മേൽ ഉത്തരവിൽ ഉൾപ്പെട്ടിട്ടില്ലെന്നും ശ്രീ അശോകൻ.എം.കെ 27.11.1993 മുതലും, ശ്രീ സഞ്ജീവ് കുമാർ 30.07.1990 മുതലും ദിവസവേതന ഡ്രൈവർമാരായി ജോലിയിൽ തുടരുന്നതായി പത്തനംതിട്ട പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുള്ളതായും 30.06.2015ൽ ടി ജീവനക്കാർക്ക് 10 വർഷം സർവ്വീസ് പൂർത്തിയായിട്ടുണ്ടെന്ന വിവരവും പരാമർശം (4) പ്രകാരം പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് സമർപ്പിച്ചു.

4. സർക്കാർ ഇക്കാര്യം പരിശോധിച്ചു കേരളത്തിലെ വിവിധ ഗ്രാമപഞ്ചായത്തുകളിൽ 30.06.2015 ൽ 10 വർഷം പൂർത്തിയായ 51 ദിവസവേതന താത്ക്കാലിക ഡ്രൈവർമാരെ സൂപ്പർന്യൂമററി തസ്തിക സൃഷ്ടിച്ച് പരാമർ ശം (3) പ്രകാരം സ്ഥിരപ്പെടുത്തി ഉത്തരവാകുകയുണ്ടായി. എന്നാൽ ഈ ഉത്തരവിനെതിരെ ബഹു. കോടതികളിൽ കേസ്സുകൾ നിലവിൽ ഉണ്ട്. ദിവസവേതന / താൽക്കാലിക ജീവനക്കാരുടെ സ്ഥിരപ്പെടുത്തൽ സർക്കാരിന്റെ നയ തീരുമാനമാണ്.

5. മേൽ സാഹചര്യത്തിൽ ശ്രീ. പി. ഡി. സഞ്ജീവ്കുമാർ, ശ്രീ അശോകൻ. എം . കെ, എന്നിവർ സ്ഥിരനിയമനം അനുവദിക്കുന്നതിനായി സർക്കാരിൽ സമർപ്പിച്ച അപേക്ഷകൾ നിരസിച്ച് കൊണ്ടും അപ്രകാരം പരാമർ ശം (1) ലെ ബഹു. കേരളാ ഹൈക്കോടതിയുടെ വിധിന്യായം പാലിച്ച് കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
രമണി മാത്യു
അഡിഷണൽ സെക്രട്ടറി

ശ്രീ. പി. ഡി. സഞ്ജീവ്കുമാർ, കാവിന്റെ കിഴക്കതിൽ, മങ്ങാരം, പന്തളം, പത്തനംതിട്ട ജില്ല

ശ്രീ. എം. കെ. അശോകൻ, അശോക ഭവനം, പുതുപ്പള്ളികുന്നത്ത് മുറി, നൂറനാട് വില്ലേജ്, ചാരുമ്മൂട് പി.ഒ, മാവേലിക്കര താലൂക്ക്, പത്തനംതിട്ട ജില്ല.

അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖ കത്ത് സഹിതം)

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പത്തനംതിട്ട ജില്ല.

സെക്രട്ടറി, പന്തളം നഗരസഭ, പന്തളം. പി.ഒ, പത്തനംതിട്ട ജില്ല

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം.

✓ എക്സി. ഡയറക്ടർ, ഐ.കെ.എം (തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്).

ഐ&പിആർഡി (വെബ് & ന്യൂ മീഡിയ)

ഓഫീസ് പകർപ്പ് (ഫയൽ നം. LSGD-EPA2/49/2021-LSGD)/ കരുതൽ ഫയൽ.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ